**15 -ാം കേരള നിയമസഭ**

**2 -ാം സമ്മേളനം**

**നക്ഷത്ര ചിഹ്നം ഇല്ലാത്ത ചോദ്യം നം. 4320** **09-08-2021 - ൽ മറുപടിയ്ക്ക്**

**എൻഡോസൾഫാൻ ദുരിതബാധിതരുടെ പ്രശ്നങ്ങൾ**

| ചോദ്യം | | ഉത്തരം | |
|---|---|---|---|
| **ശ്രീ. സണ്ണി ജോസഫ് ,<br>ശ്രീ. സജീവ് ജോസഫ്,<br>ശ്രീ. ഐ .സി .ബാലകൃഷ്ണൻ ,<br>ശ്രീ. എ . പി . അനിൽ കുമാർ** | | **Dr. R. Bindu<br>(ഉന്നതവിദ്യാഭ്യാസ-സാമൂഹ്യനീതി വകുപ്പ് മന്ത്രി)** | |
| (എ) | എൻഡോസൾഫാൻ ദുരിതബാധിതർ 2019 ജനുവരി 30ന് സെക്രട്ടേറിയറ്റ് പടിക്കൽ നടത്തിയ പട്ടിണി സമരത്തെത്തുടർന്ന് സമരക്കാരുമായുണ്ടാക്കിയ ഒത്തുതീർപ്പ് വ്യവസ്ഥകൾ എന്തൊക്കെയായിരുന്നു; വിശദാംശങ്ങൾ നൽകാമോ; | (എ) | വിശദാംശം അനുബന്ധമായി ചേർക്കുന്നു. |
| (ബി) | ഇതിൽ ഏതൊക്കെ വാഗ്ദാനങ്ങളാണ് നാളിതുവരെ നടപ്പിലാക്കിയിട്ടുള്ളത്; ഏതൊക്കെ ഉറപ്പുകളാണ് നടപ്പാക്കാനുള്ളത്; | (ബി) | വിശദാംശം അനുബന്ധമായി ചേർക്കുന്നു. |
| (സി) | ദുരിതബാധിതർക്ക് ജീവനോപാധി കണ്ടെത്തുന്നതിനും ചികിത്സാസഹായം ലഭ്യമാക്കുന്നതിനും അടിയന്തരനടപടി സ്വീകരിക്കുമോ; വെളിപ്പെടുത്താമോ? | (സി) | എൻഡോസൾഫാൻ ദുരിതബാധിത പട്ടികയിൽ ഉൾപ്പെട്ട എല്ലാവർക്കും കേരളത്തിലും കർണ്ണാടകത്തിലുമായി സ്പെഷ്യലൈസ് ചെയ്ത 17 ആശുപത്രികളിൽ സൗജന്യ ചികിത്സ നല്കി വരുന്നു. കൂടാതെ കേരള സാമൂഹ്യ സുരക്ഷാ മിഷൻ മുഖേന ദുരിതബാധിതർക്കായി സ്നേഹസാന്ത്വനം, സ്പെഷ്യൽ ആശ്വാസകിരണം എന്നീ പദ്ധതികളിലൂടെ പ്രതിമാസ ധനസഹായ വിതരണം, ദുരിതബാധിത കുടുംബങ്ങളിലെ കുട്ടികൾക്ക് വിദ്യാഭ്യാസ ധനസഹായം, ആംബുലൻസുകളുടെ സേവനം എന്നിവയും ലഭ്യമാക്കുന്നുണ്ട്. |

സെക്ഷൻ ഓഫീസർ

# അനുബന്ധം

| ക്രമ നം. | നിർദ്ദേശം | സ്വീകരിച്ച നടപടി |
|---|---|---|
| 1. | നേരത്തെ മെഡിക്കൽ സംഘം ശിപാർശ ചെയ്തവരുടെ കാര്യത്തിൽ വീണ്ടും പരിശോധന നിർബന്ധമാക്കേണ്ടതില്ല. 2017 ലെ മെഡിക്കൽ ക്യാമ്പിൽ പങ്കെടുത്ത 1905 പേരിൽ 18 വയസ്സിൽ താഴെയുണ്ടായിരുന്ന കുട്ടികളെ മെഡിക്കൽ സംഘത്തിന്റെ പരിശോധനയുടെ അടിസ്ഥാനത്തിൽ ആനുകൂല്യ-ങ്ങൾക്കായി ഉൾപ്പെടുത്തേ-ണ്ടതാണ്. കാസർഗോഡ് ജില്ലാ കളക്ടർ ഇക്കാര്യത്തിൽ ആവശ്യമായ പരിശോധന നടത്തി തീരുമാനമെടുക്കേണ്ടതാണ്. | 18 വയസ്സിൽ താഴെയുള്ള 511 പേരേയും ലിസ്റ്റിൽ ഉൾപ്പെടുത്തി പ്രതിമാസ പെൻഷൻ നൽകിവരുന്നു. |
| 2 | ക്യാമ്പ് നടന്ന ദിവസം ഹർത്താലായതുകാരണം ക്യാമ്പിൽ പങ്കെടുക്കാൻ കഴിയാതിരുന്നവരും പങ്കെടുക്കാൻ സ്ലിപ്പ് ലഭിച്ചവരുമായിട്ടുള്ള എല്ലാപേരെയും ഉൾപ്പെടുത്തി ക്യാമ്പ് ജില്ലാ കളക്ടർ നടത്തേണ്ടതാണ്. | ഹർത്താലായതുകാരണം മാറ്റിവച്ച ക്യാമ്പ് 2019 ജൂലൈ 10 ന് നടത്തിയിട്ടുണ്ട്. |
| 3 | പഞ്ചായത്തുകളുടെ അതിർത്തി | കോവിഡ് 19 രോഗ വ്യാപനം |

| | | |
|---|---|---|
| | കണക്കാക്കാതെ എൻഡോസൾഫാൻ ദുരിത-ബാധിത പഞ്ചായത്തുകളിൽ നിന്നും പുറത്തുപോയി താമസിക്കു-ന്നവരെ കൂടി പരിഗണിച്ച് മാനദണ്ഡമനുസരിച്ച് പരിശോ-ധിച്ച് അർഹരായവരെയും എൻഡോസൾഫാൻ ദുരിത-ബാധിത ലിസ്റ്റിൽ ഉൾപ്പെടുത്താൻ വേണ്ട നടപടികൾ ജില്ലാ കളക്ടർ സ്വീകരിക്കേണ്ടതാണ്. | നിലനിൽക്കുന്നതിനാൽ ക്യാമ്പുകൾ സംഘടിപ്പിക്കുന്നതിന് സാധിച്ചിട്ടില്ല. |
| 4 | ഒരേ വീട്ടിൽ സമാന സ്വഭാവത്തിൽ അസുഖം ബാധിച്ച രണ്ടു കുട്ടികൾ ഉണ്ടായിരിക്കുകയും ഒരു കുട്ടി എൻഡോസൾഫാൻ ദുരിതബാധിത ലിസ്റ്റിൽ ഉൾപ്പെടുകയും മറ്റേ കുട്ടി ഉൾപ്പെടാതിരിക്കുകയും ചെയ്യുന്ന അവസരത്തിൽ രണ്ടു കുട്ടികളെയും എൻഡോസൾഫാൻ ദുരിത-ബാധിത ലിസ്റ്റിൽ ഉൾപ്പെടുത്താൻ വേണ്ട നടപടികൾ ജില്ലാ കളക്ടർ സ്വീകരിക്കേണ്ടതാണ്. | ഈ വിഭാഗത്തിൽപ്പെട്ടവരുടെ ലഭ്യമായ അപേക്ഷകളിൽ ദേശീയ ആരോഗ്യ ദൗത്യം കാസറഗോഡ് മുഖേന നടപടികൾ സ്വീകരിച്ചു വരുന്നു. |
| 5. | എൻഡോസൾഫാൻ ദുരിതബാധി-തരുടെ 50,000/- രൂപ മുതൽ 3 ലക്ഷം രൂപ വരെയുള്ള കടബാധ്യതകൾ എഴുതിതള്ളുന്ന-തിനുള്ള നടപടികൾ അടിയന്തി- | എൻഡോസൾഫാൻ ദുരിത ബാധിതരുടെ കടബാധ്യതകൾ എഴുതി തള്ളുന്നതിനായി നാളിതുവരെ 6,82,70,833/- രൂപ ചെലവഴിച്ചിട്ടുണ്ട്. |

| | | |
|---|---|---|
| | രമായി ജില്ലാ കളക്ടർ പൂർത്തീകരിക്കേണ്ടതാണ്. | |
| 6 | ബഡ്സ് സ്കൂളുകളുടെ പ്രവർത്തനം പുനരാരംഭിക്കുന്നതിനുള്ള നടപടികൾ സാമൂഹിക നീതി വകുപ്പുമായി ചേർന്ന് ജില്ലാ കളക്ടർ സ്വീകരിക്കേണ്ടതാണ്. | കോവിഡ് 19 രോഗ വ്യാപനം നിലനില്ക്കുന്നതിനാൽ ബഡ്സ് സ്കൂളുകളുടെ പ്രവർത്തനം Online ആയി നടക്കുന്നു. |
| 7 | എൻഡോസൾഫാൻ പുനരധിവാസ ഗ്രാമ നിർമ്മാണ പ്രവർത്തനം സമയബന്ധിതമായി പൂർത്തീകരിക്കാൻ വേണ്ട നടപടികൾ സാമൂഹിക നീതി വകുപ്പുമായി ചേർന്ന് ജില്ലാ കളക്ടർ സ്വീകരിക്കേണ്ടതാണ്. | കാസറഗോഡ് ഡവലപ് മെന്റ് പാക്കേജിൽ നിന്ന് 5 കോടി രൂപാ അനുവദിച്ച് ഉത്തരവായിട്ടുള്ളതും 2020 മാർച്ച് 4 ന് തറക്കല്ലിടൽ കർമ്മം നിർവ്വഹിച്ചിട്ടുള്ളതുമാണ്. നിർവ്വഹണ ഏജൻസിയുമായി കരാറിൽ ഏർപ്പെടുന്നതിനും നിർമ്മാണ പ്രവർത്തനങ്ങൾ ആരംഭിക്കുന്നതിനുമുള്ള നടപടികൾ സ്വീകരിച്ചുവരുന്നു. |
| 8 | എല്ലാ എൻഡോസൾഫാൻ ദുരിതബാധിതരേയും ബി.പി.എൽ, ലിസ്റ്റിൽ ഉൾപ്പെടുത്തുന്നതിനുള്ള നടപടികൾ ഭക്ഷ്യ സിവിൽ സപ്ലൈസ് വകുപ്പുമായി ബന്ധപ്പെട്ട് സ്വീകരിക്കേണ്ടതാണ്. | ഭക്ഷ്യ സിവിൽ സപ്ലൈസ് വകുപ്പ് മുഖേന നടപടി സ്വീകരിച്ച് വരുന്നു. |
| 9 | മെ.പെസ്റ്റിസൈഡ് ഇന്ത്യാ ലിമിറ്റഡുമായി ബന്ധപ്പെട്ട് എൻഡോസൾഫാൻ സ്റ്റോക്ക് ഇരിക്കുന്നത് നിർവീര്യമാക്കു-ന്നതിനുള്ള നടപടികൾ ജില്ലാ കളക്ടർ ത്വരിതപ്പെടുത്തേണ്ടതാണ്. | എൻഡോസൾഫാൻ നിർവ്വീര്യമാ-ക്കുന്നതിനുള്ള നടപടി അന്തിമ ഘട്ടത്തിലാണ്. |